**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2329** **09-02-2023 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകൾ വഴി ലഹരിക്കെതിരെ ശക്തമായ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ലഹരിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ലഹരിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡു തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ലഹരി വസ്തുക്കളുടെ ഉപഭോഗം സംബന്ധിച്ച പരാതികൾ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൗൺസിലിംഗ് ആവശ്യമുള്ളവരെയും ഡീ അഡിക്ഷൻ ചികിത്സ ആവശ്യമുള്ളവരെയും കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ബഹു. മുഖ്യമന്ത്രി അധ്യക്ഷനായും, ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ഉപാധ്യക്ഷനായും സംസ്ഥാനതല സമിതി രൂപീകരിച്ച് അതിന്റെ കീഴിൽ ജില്ലാസമിതികളും, പഞ്ചായത്ത് തല സമിതികളും വാർഡ്തല സമിതികളും രൂപീകരിച്ച് വിവിധ വകുപ്പുകളുടെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഒരു കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് സംസ്ഥാനത്താകമാനം 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും, നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും രണ്ട് ഘട്ടങ്ങളിലായി ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതിനോട് അനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡ് തലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും, വിദ്യാർത്ഥി-യുവജന |

| | | | |
|---|---|---|---|
| | | | സംഘടനകൾ, കുടുംബശ്രീ മുതലായ വിവിധ സംഘടനകളുടെയും സഹകരണത്തോടെ ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ ഇടപെടൽ നടത്തുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ യുവജന മുന്നേറ്റ സമിതികൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തൊട്ടാകെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡ് തലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്. ജനജാഗ്രതാ സമിതികളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളും, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ സാമുദായിക സംഘടനാ പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, കുടുംബശ്രീ മുതലായ വിവിധ സംഘടനകളുടെ പ്രതിനിധികളും, ഗ്രന്ഥശാലാ പ്രതിനിധികളും അംഗങ്ങളാണ്. ഈ ജനജാഗ്രതാ സമിതികൾ യുവജനങ്ങളുടെ കൂടി സഹകരണത്തോടെ ലഹരിക്കെതിരെയുള്ള വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടത്തി വരികയാണ്.<br><br>യുവജനങ്ങളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഘോഷയാത്രകൾ, ബോധവത്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവ് നാടകം, കൂട്ടയോട്ടം, വാഹനപ്രചാരണ ജാഥകൾ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, 'ലഹരിക്കെതിരെ ഫുട്ബോൾ ലഹരി' എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെ ലഹരിക്കെതിരെ ജനജാഗ്രതാ സദസ്സുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം കമ്മിറ്റികളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുകയും, അതിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ കൂടുതൽ ജനകീയമാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ